"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബങ്ങളുടെ ഉപജീവനത്തിനായി മൈക്രോ പ്ലാൻ നടപ്പിലാക്കിയും ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്**

സ.ഉ.(സാധാ) നം.1536/2026/RD തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:- 1. സ.ഉ.(കൈ)നം.2360/2025/RD തീയതി 14.10.2025

2. വയനാട് ജില്ലാ കളക്ടറുടെ 17.01.2026 ലെ DCWYD/961/2025-H4 നമ്പർ കത്ത്

3. സ.ഉ.(കൈ)നം.18/2026/DMD തീയതി 07.08.2026

**<u>ഉത്തരവ്</u>**

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബങ്ങളുടെ ഉപജീവനത്തിനായി മൈക്രോ പ്ലാൻ നടപ്പിലാക്കിയും ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായി ₹4,21,30,250/- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

2.വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബങ്ങളുടെ പുനരധിവാസത്തിനായി തയ്യാറാക്കിയ മൈക്രോ പ്ലാനിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ സഹായം ആവശ്യപ്പെട്ട 74 കുടുംബങ്ങൾക്കായി പരാമർശം(1)പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ₹90,16,600/- രൂപ വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ ടൗൺഷിപ്പിലേക്ക് മാറുന്ന ഗുണഭോക്താക്കൾക്ക് മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ, മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച ₹90,16,600/- കുടുംബശ്രീ മിഷന് കൈമാറുന്നതിന് വയനാട് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ടെന്നും, കൂടാതെ 16.12.2025-ലെ മൈക്രോ പ്ലാൻ റിവ്യൂ മീറ്റിംഗിൽ ഉയർന്ന നിർദ്ദേശങ്ങൾ പരിഗണിച്ച്, മൈക്രോ പ്ലാൻ ഗുണഭോക്താക്കൾക്ക് തിരിച്ചടവില്ലാത്ത ₹2,00,000/- വീതം ധനസഹായം തുല്യമായി ലഭ്യമാക്കുന്നതിനായി ആകെ ₹5,11,46,850/- ആവശ്യമായി വരുന്നതായും, നിലവിൽ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുള്ള ₹90,16,600/- കുടുംബശ്രീ മിഷന് കൈമാറിയശേഷം, ആകെ ആവശ്യമായ ₹5,11,46,850/-യിൽ ശേഷിക്കുന്ന ₹4,21,30,250/-(₹5,11,46,850-₹90,16,600) അധികമായി അനുവദിക്കണമെന്നു പരാമർശം (2) പ്രകാരം വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ

ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച വയനാട് ജില്ലാ കളക്ടറുടെ CMDRF അക്കൗണ്ടിലുള്ള 90,16,600/- രൂപ കുടുംബശ്രീ മിഷന് കൈമാറുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിയും, മൈക്രോ പ്ലാൻ ഗുണഭോക്താക്കൾക്ക് തിരിച്ചടവില്ലാത്ത 2 ലക്ഷം രൂപ വീതം അനുവദിച്ചും, ഇതിലേക്ക് ജില്ലാ കളക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെട്ട ബാക്കി തുകയായ 4,21,30,250/- (5,11,46,850-90,16,600) (നാല് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി അമ്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചും ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന തുകയായ **4,21,30,250/-രൂപ (നാല് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി അമ്പത് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ T. P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിൽ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യു, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ മിഷൻ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Ajitha V V
Date: 07-08-2026
17:15:37

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.-ബി വകുപ്പുകൾ